# India-Bangladesh Foreign Office Consultations

January 29, 2021

---

## ഇന്ത്യ -ബംഗ്ലാദേശ് ഫോറിൻ കൺസൾട്ടേഷനുകൾ

ജനുവരി 29, 2021

1. ഇന്ത്യയും ബംഗ്ലദേശും തമ്മിലുള്ള ഫോറിൻ ഓഫിസ് കൺസൾട്ടേഷൻ (FOC) 2021 ജനുവരി 29 ന് ന്യൂ ഡൽഹിയിൽ നടന്നു. ഇന്ത്യൻ വിദേശകാര്യ സെക്രട്ടറിയായ ശ്രീ ഹർഷ് വർദ്ധൻ ശൃംഖളയും ബംഗ്ലാദേശ് വിദേശകാര്യ സെക്രട്ടറിയായ അംബാസിഡർ മസൂദ് ബിൻ മൊമെനും സമ്മേളനത്തിൽ സംയുക്തമായി അധ്യക്ഷത വഹിച്ചു.

2. ബംഗ്ലാദേശ് വിദേശകാര്യ സെക്രട്ടറിയ്ക്കൊപ്പം ബംഗ്ലാദേശ് ഹൈ കമ്മീഷണർ മുഹമ്മദ് ഇമ്രാൻ, സെക്രട്ടറി (ഈസ്റ്റ്) അംബാസിഡർ മഷ്ഫി ഷംസ് കൂടെ ജല വിഭവ മന്ത്രാലയത്തിലെ പ്രതിനിധികൾ എന്നിവരും ചർച്ചയിൽ പങ്കെടുത്തു. ഇന്ത്യൻ വിഭാഗത്തിൽ വിദേശകാര്യ വകുപ്പ്, ആഭ്യന്തര വകുപ്പ്, വാണിജ്യ വ്യവസായ വകുപ്പ്, ജയശക്തി കൂടാതെ ഫിനാൻസ് എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

3. കോവിഡ് -19 പ്രവർത്തന സഹകരണം,വ്യവസായം, കണക്ടിവിറ്റി, വികസന പങ്കാളിത്തം, പവർ, ഊർജവും ജലസ്ത്രോതസ്സുകളും, കൂടാതെ പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങൾ അതുപോലെ തന്നെ അതിർത്തി കൈകാര്യം ചെയ്യുന്നതും സുരക്ഷാ പ്രതിരോധ സഹകരണവും എന്നീ മേഖകൾ ഉൾപ്പടെ ഭയകക്ഷി ബന്ധങ്ങളിലൂടെ കൈവരിച്ചിട്ടുള്ള എല്ലാ പുരോഗതിയും ഇരു വിഭാഗങ്ങളും സമഗ്രമായി തന്നെ അവലോകനം ചെയ്തു. 2021 മാർച്ചിൽ നടത്താനിരിക്കുന്ന പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ബംഗ്ലാദേശ് സന്ദർശനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങളും ഇരു രാജ്യങ്ങളുടെയും നയതന്ത്ര ബന്ധങ്ങളുടെ 50 വാർഷികാഘോഷനോടനുബന്ധിച്ചു ഈ വർഷം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളും ചർച്ചയിൽ കേന്ദ്രീകരിക്കപ്പെട്ടു.

4. ഇന്ത്യയുടെ 'അയാൾ രാജ്യങ്ങൾക്ക് മുൻഗണന' എന്ന നയത്തെത്തുടർന്ന് 2 മില്യൺ കോവിഷീൽഡ് വാക്സിൻ ഡോസുകളുടെ സമ്മാനം ഉൾപ്പടെ കോവിഡ്-19 മായി ബന്ധപ്പെട്ട വിഷയങ്ങളിലെ അടുത്ത സഹകരണം ഇരു ഭാഗങ്ങളും പ്രശംസയോടെ നിരീക്ഷിച്ചു.

5. ബംഗ്ലാദേശ് സ്വാതന്ത്ര്യത്തിന്റെ 50 മത് വാർഷികം, ഉഭയകക്ഷി നയതന്ത്ര ബന്ധത്തിന്റെ 50 മത് വാർഷികം അതുപോലെതന്നെ ബംഗബന്ധു ഷെയ്ഖ് മുജിബുർ റഹ്മാന്റെ ജന്മശതാബ്ദി എന്നിവയുടെ പശ്ചാത്തലത്തിൽ 2021-ന്റെ പ്രാധാന്യത്തെ അടിവരയിട്ടുകൊണ്ട് ഈ വാർഷികങ്ങൾ സംയുക്തമായി അനുസ്മരിക്കുന്നതിനുള്ള ഏകോപനം ശക്തിപ്പെടുത്താൻ ഇരു വിഭാഗങ്ങളും തീരുമാനിച്ചു. ഈ സാഹചര്യത്തിൽ 2021 റിപ്പബ്ലിക് ദിന പരേഡിൽ ബംഗ്ലാദേശ് ട്രൈ സർവീസ് മാർച്ചിങ് കോണ്ടിൻജന്റിന്റെ പങ്കാളിത്തം ഇരു വിഭാഗങ്ങളും അഭിനന്ദിച്ചു.
1971 ലെ ബംഗ്ലാദേശ് സ്വാതന്ത്ര്യ സമരത്തിൽ ഇന്ത്യൻ, ബംഗ്ലാദേശ് സേനകളുടെയും അവിടത്തെ ജനതയുടെയും കഷ്ടപാടുകളെയും ത്യാഗത്തെയും കുറിച്ച് ഇരു രാജ്യങ്ങളിലെയും നിലവിലെതലമുറകളെ ഓർമ്മിപ്പിക്കുന്നതിൽ ഈ സംഭവങ്ങൾക്ക് പ്രാധാന്യമുണ്ടെന്നു ഇരു വിഭാഗവും ബിരീക്ഷിക്കുകയുണ്ടായി.

6. കോവിഡ് -19 സാഹചര്യങ്ങൾക്കും അതീതമായി ഉഭയകക്ഷി കൈമാറ്റങ്ങളുടെ തീവ്രതയിൽ FOC സംതൃപ്തി പ്രകടിപ്പിച്ചു. 2020 ഡിസംബർ 17 വിർച്വൽ ഉച്ചകോടിക്ക് ശേഷം ഇരുരാജ്യങ്ങളും നടത്തിയ സമീപകാല സമ്മേളനങ്ങളായ 2020 ഡിസംബർ 22 മുതൽ 26 വരെയുള്ള തിയ്യതികളിൽ ഗുവാഹത്തിയിൽ വച്ച് നടന്ന 51-ാമത് ബി.എസ്.എഫ് - ബി.ജി.ബി ഡയറക്ടർ ജനറൽ ലെവൽ ചർച്ചകൾ, 2021 ജനുവരി 06 ന് ജോയിന്റ് റിവേർഴ്സ് കമ്മീഷന്റെ സാങ്കേതിക തല യോഗം, 2021 ജനുവരി 12 ന് നടന്ന ആദ്യ പോലീസ് മേധാവികളുടെ സംഭാഷണവും അതുപോലെതന്നെ 2021 ജനുവരി 23 നു നടന്ന പവർ സെക്ടർ കോർപറേഷനെക്കുറിച്ചുള്ള 19-ാമത് സെക്രട്ടറി ലെവൽ ജോയിന്റ് സ്റ്റിയറിംഗ് കമ്മിറ്റി യോഗം എന്നിവയും ഇരു വിഭാഗങ്ങളും പരിഗണിച്ചു.
2021 ജനുവരി 28 ന് ന്യൂഡൽഹിയിൽ വച്ച് 2 മത് ഇന്ത്യ-ബംഗ്ലാദേശ് കോൺസുലർ സംഭാഷണം നടന്നിരുന്നു. അടുത്ത ഘട്ട ആഭ്യന്തര സെക്രട്ടറി തല സംഭാഷണങ്ങൾ, വ്യവസായ സെക്രട്ടറി തല സംഭാഷണങ്ങൾ കൂടാതെ ജോയിന്റ് റിവേർഴ്സ് കമ്മീഷന്റെ സെക്രട്ടറി തല സമ്മേളനം എന്നിവ 2021 മാർച്ചിലെ ഉച്ചകോടിക്ക് മുമ്പ് നടത്താനും ഇരുപക്ഷവും സമ്മതിച്ചു.

7. ഉഭയകക്ഷി സഹകരണത്തിലും വ്യക്തിഗത ബന്ധങ്ങളിലും സ്ഥിരമായ ആവേഗം നിലനിർത്തുന്നതിനും ധാരണയായി. ഇതിനോടനുബന്ധിച്ചു, ഇരുരാജ്യങ്ങളും തമ്മിലുള്ള അവശ്യയാത്രകൾക്ക് സൗകര്യങ്ങളൊരുക്കുന്ന എയർ ട്രാവൽ ബബിൾ ക്രമീകരണം പുതുക്കിയതിൽ ഇരുരാജ്യങ്ങളും സംതൃപ്തതി രേഖപ്പെടുത്തി.

8.ഉഭയകക്ഷി വികസന പങ്കാളിത്തത്തിൽ ലൈൻ ഓഫ് ക്രെഡിറ്റുകൾ പെട്ടന്ന് തന്നെ നടപ്പിൽ വരുത്തുന്നതിന്റെ പ്രാധാന്യം ഇരു രാജ്യങ്ങളും നിരീക്ഷിച്ചു.2021 ജനുവരി 03 ലെ ആദ്യ സമ്മേളനത്തോട് കൂടി ഉന്നതതല വികസന പങ്കാളിത്ത നിരീക്ഷണ മെക്കാനിസം പ്രവർത്തനക്ഷമമായതിൽ സംതൃപ്തി പ്രകടിപ്പിച്ചതിനൊപ്പം തന്നെ ഫണ്ടുകളുടെ വിനിയോഗം വർദ്ധിപ്പിക്കുകയും അംഗീകാര നടപടികളുടെ വേഗത വർദ്ധിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും ഇരുപക്ഷവും ഊന്നിപ്പറഞ്ഞു.

9. ന്യൂ ഡൽഹിയിലെ തന്റെ താമസ സമയത്തിനിടയിൽ അംബാസഡർ മസൂദ് ബിൻ മോമെൻ,നിലവിൽ വിജ്ഞാന ഭവനിൽ പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്ന ബാഗ്ബന്ധു - ബാപ്പു ഡിജിറ്റൽ എക്സിബിഷൻ സന്ദർശിക്കുകയും സുഷമ സ്വരാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ സർവീസിലെ ഇന്ത്യൻ ഫോറിൻ സർവീസ് ഓഫീസർ ട്രെയിനികളുമായി സംവദിക്കുകായ് ചെയ്തു.

**ന്യൂ ഡൽഹി**
**29 ജനുവരി, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.